ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

ശമ്പള പരിഷ്കരണം

75 (80) ശ്രീ. എ. എസ്. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാരുടെ ശമ്പളപരിഷ്കരണം എന്നത്തേക്ക് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത് ;

(ബി) ശമ്പള പരിഷ്കരണ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ;

(സി) ശമ്പള പരിഷ്കരണ കമ്മീഷന്റെ കാലാവധി എന്നാണ് അവസാനിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശമ്പള കമ്മീഷൻ റിപ്പോർട്ട് മന്ത്രിസഭാ ഉപസമിതിയുടെ പരിഗണനയിലാണ്.

(ബി) 1-7-2015-ലെ ജി.ഒ. (എം.എസ്)നം. 263/2015/ധന പ്രകാരം ശമ്പള പരിഷ്കരണ കമ്മീഷന്റെ കാലാവധി 30-11-2015-ലാണ് അവസാനിക്കുന്നത്.

ശമ്പള പരിഷ്കരണം

76 (81) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണം കൊണ്ടുണ്ടാകുന്ന അധിക ബാധ്യത നിറവേറ്റുന്നതിനായി 2015-16 സാമ്പത്തിക വർഷത്തിൽ വിവിധ വകുപ്പുകളുടെ ശമ്പള ശീർഷകങ്ങളിലായി അധികമായിവകയിരുത്തപ്പെട്ട തുക എത്രയായിരുന്നു; ഇതിനായി എത്ര തുക പിൻവലിച്ചു ; വിശദമാക്കാമോ ;

(ബി) 1-3-14 മുതൽ മുൻകാല പ്രാബല്യം നൽകുന്നതിനാൽ നടപ്പു വർഷം ഇതിലേയ്ക്ക് വകയിരുത്തിയ തുക എത്രയായിരുന്നു ?

(സി) ശമ്പള പരിഷ്കരണം കൊണ്ടുണ്ടാകുന്ന അധിക ബാധ്യത നിറവേറ്റുന്നതിലേക്ക് 2016-17 സാമ്പത്തിക വർഷത്തിൽ ആവശ്യമായ മൊത്തം തുക എത്രയായിരിക്കും ; അതിൽ എത്ര തുക 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തേണ്ടതുണ്ട് ; വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണം കൊണ്ടുണ്ടാകുന്ന അധിക ബാധ്യത നിറവേറ്റുന്നതിനായി 2015-16 സാമ്പത്തിക വർഷത്തിൽ വിവിധ വകപ്പുകളുടെ ശമ്പള ശീർഷകങ്ങളിലായി അധികമായി വകയിരുത്തിയിട്ടുള്ളത് 1750 കോടി രൂപയാണ്. ഇതിനായി തുക പിൻവലിച്ചിട്ടില്ല. ശമ്പള കമ്മീഷൻ ശിപാർശകൾ സർക്കാരിന്റെ പരിഗണനയിലിരിക്കുന്നതേയുള്ളൂ. ആയതിനാൽ മുൻകാല പ്രാബല്യം സംബന്ധിച്ച തുക തിട്ടപ്പെടുത്തിയിട്ടില്ല.

(സി) 2016-17 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റ് എസ്റ്റിമേറ്റുകൾ തയ്യാറാക്കി വരുന്നതേയുള്ളൂ.

സഞ്ചിത കടം

77 (82) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2015-16 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് നിശ്ചയിച്ച് നൽകിയിട്ടുള്ള വായ്പാ പരിധി എത്ര കോടി രൂപയാണ് ;

(ബി) ആയതുപ്രകാരം 2015 നവംബർ 25 വരെ എത്ര കോടി വായ്പയെടുത്തു ; വ്യക്തമാക്കാമോ ;

(സി) 2015-16 സാമ്പത്തിക വർഷത്തിൽ നവംബർ 25 വരെ റിസർവ് ബാങ്കിന്റെ ഭരണാനുമതിയോടുകൂടി എത്ര തുക കടപ്പത്രംവഴി സമാഹരിച്ചു ; ഈ നടപ്പ് വർഷം ഇനി ഇത്തരത്തിൽ എത്ര കോടി രൂപ സമാഹരിക്കുവാനാണ് ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കാമോ ?

(ഡി) നിലിവിൽ സംസ്ഥാനത്തിന്റെ സഞ്ചിത കടം എത്ര ; 2016 മാർച്ച് 31 ആകുമ്പോൾ ഇത് എത്രയാകുമെന്നാണ് കരുതുന്നത് ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സഞ്ചിതകടം എത്രയായിരുന്നു ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2015-16 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് നിശ്ചയിച്ച് നൽകിയിട്ടുള്ള വായ്പാ പരിധി 15,605 കോടി രൂപയാണ്.